**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5268** **05-07-2024 - ൽ മറുപടിയ്ക്ക്**

**മട്ടുപ്പാവിൽ പച്ചക്കറി കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മട്ടുപ്പാവുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിലുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് **"പോഷക സമൃദ്ധി മിഷൻ".** പ്രസ്തുത മിഷനിൽ പച്ചക്കറി കൃഷിക്ക് ഊന്നൽ നൽകി നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതിയിൽ ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി മട്ടുപ്പാവ് പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നൽകി വരുന്നു.<br><br>മട്ടുപ്പാവ് പച്ചക്കറി കൃഷി പ്രോത്സാഹനം എന്ന ഘടക പ്രകാരം സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്ത കർഷകർക്കായി പോട്ടിംഗ് മിശ്രിതം നിറച്ച 25 എണ്ണം മൺചട്ടി/ HDPE ചട്ടികളിൽ വെണ്ട, വഴുതിന, മുളക്, തക്കാളി മുതലായ 25 എണ്ണം പച്ചക്കറി തൈകൾ ഒരു യൂണിറ്റിന് 75% സബ്സിഡി (ഒരു യൂണിറ്റിന്റെ വില 5000 രൂപ), എന്ന നിരക്കിൽ നൽകി വരുന്നു. ഇത് വഴി സുരക്ഷിത പച്ചക്കറികൾ സ്വന്തം മട്ടുപ്പാവിൽ നിന്നും ഉൽപ്പാദിപ്പിക്കുന്നതിനും അതിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നു.<br><br>സംസ്ഥാനത്ത് മട്ടുപാവുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വി.എഫ്.പി.സി.കെ മുഖേന പച്ചക്കറി കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 4000/- രൂപ വിലയുള്ള 20 മൺ ചട്ടികൾ/ HDPE ചട്ടികളിൽ പച്ചക്കറി തൈകൾ നട്ട് ലഭ്യമാക്കുന്നതിന് 50% പദ്ധതി സഹായം വകയിരുത്തിയിരിക്കുന്നു. ഇതോടൊപ്പം കൃഷിയ്ക്കാവശ്യമായ കമ്പോസ്റ്റ്, സ്യൂഡോമോണാസ്, വേപ്പെണ്ണ മിശ്രിതം, അർക്കാ പോഷക് രസ് തുടങ്ങിയ ഒരു സ്റ്റാർട്ടർ കിറ്റും 50% സബ്സിഡിയോടെ ലഭ്യമാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതികളിൻകീഴിൽ എന്തൊക്കെ സേവനങ്ങളാണ് കർഷകർക്ക് നൽകുന്നതെന്നും ഏതൊക്കെ കൃഷി ഭവനുകളിലാണ് പദ്ധതികൾ നിലവിലുള്ളതെന്നും വിശദമാക്കാമോ? | (ബി) | മട്ടുപ്പാവ് കൃഷിക്കായി കർഷകർക്ക് പോട്ടിംഗ് മിശ്രിതം നിറച്ച 25 എണ്ണം മൺചട്ടി/ HDPE ചട്ടികളിൽ വെണ്ട, വഴുതിന, മുളക്, തക്കാളി മുതലായ 25 എണ്ണം പച്ചക്കറി തൈകൾ ഒരു യൂണിറ്റിന്റെ വിലയായ 5000/- രൂപയിൽ 75% സബ്സിഡി നൽകി 3750/- രൂപയ്ക്ക് നൽകി വരുന്നു. കൂടാതെ വി.എഫ്.പി.സി.കെ മുഖേന 4000/- രൂപ വിലയുള്ള 20 മൺചട്ടികൾ/ HDPE ചട്ടികളിൽ പച്ചക്കറി തൈകൾ നട്ട് 50% സബ്സിഡിയിലും നൽകി വരുന്നു<br><br>പ്രസ്തുത പദ്ധതി ഘടകം സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകൾ വഴിയും നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ